പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 502 06-03-2012 ന് മറുപടിയ്ക്ക്

വനഭൂമിയുടെ ഉർവ്വരത നിലനിർത്താനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. പി.സി. വിഷ്ണു നാഥ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വന്യമൃഗങ്ങൾക്ക് വെള്ളവും ആഹാരവും കൂടുതൽ ലഭിക്കുന്നതിനും വനഭൂമിയുടെ ഉർവ്വരത നിലനിർത്തുവാനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | എ) വന്യമൃഗങ്ങൾക്ക് വെള്ളവും ആഹാരവും ലഭിക്കുന്നതിനും വനഭൂമിയുടെ ഉർവ്വരത നിലനിർത്തുവാനും വനം വകുപ്പ് താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു.<br>1. മഴവെള്ളം ഊർന്നിറങ്ങി ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി വനവത്കരണ പരിപാടികൾ നടത്തി വരുന്നു.<br>2. മഴവെള്ളം കുത്തിയൊലിച്ചു പോകുന്നത് തടയുന്നതിനായി വ്യാപകമായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>3. ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിച്ച് വനത്തിൽ വ്യാപകമായി ജലസംഭരണികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>4. നിലവിലുള്ള ജലസംഭരണികളുടെയും കുളങ്ങളുടെയും ചെളിയും മണ്ണും നീക്കി അവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

5. ജലസംഭരണി പ്രദേശങ്ങളുടെ സമീപത്തായി വന്യമൃഗങ്ങൾക്ക് ആഹാരത്തിന് അനുയോജ്യമായ സസ്യങ്ങളും ഫലവൃക്ഷങ്ങളും നട്ടുവളർത്താനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

ബി) ഇതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ, വിശദമാക്കുമോ ;

ബി) ഇക്കാര്യം ഇതിനകം പരിഗണിക്കുകയും നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

സി) ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

സി) വിവിധ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുകയും അതിൻപ്രകാരം ഉടനെ ഏറ്റെടുത്ത് നടത്താവുന്ന 55 അനുയോജ്യ സ്ഥലങ്ങൾ കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആയതിൽ മൂന്നെണ്ണത്തിന്റെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ